<u>വൈ(1)/35001/2011/ഡി.പി.ഐ</u> പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: **18.10.2011**

## <u>സർക്കുലർ</u>

വിഷയം: പൊതു വിദ്യാഭ്യാസം-2011-12 വർഷത്തെ ഉപജില്ലാ, റവന്യൂജില്ല, സംസ്ഥാന തല ശാസ്ത്ര മത്സരങ്ങൾ സംഘടിപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന:-

&&&&&&

2011-12 വർഷത്തെ ഉപജില്ലാ, റവന്യൂജില്ല മത്സരങ്ങൾ സംഘടിപ്പിക്കുമ്പോൾ ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1) <u>സ്കൂൾ ഉപജില്ലാ, റവന്യൂ ജില്ലാ തലങ്ങളിൽ നടത്തേണ്ട ശാസ്ത്ര ക്വിസ്, ടാലന്റ് സെർച്ച് പരീക്ഷ:</u>

സ്കൂൾ തലത്തിൽ യു.പി, എച്ച്.എസ്, എച്ച്.എസ്.എസ്/ വി.എച്ച്.എസ്.എസ് വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തേണ്ട ശാസ്ത്ര ക്വിസ് മത്സരം ഒക്ടോബർ 25-ന് മുൻപ് നടത്തേണ്ടതും, ഒരോ വിഭാഗത്തിലും ഒന്നാം സ്ഥാനത്തിന് അർഹരാകുന്ന കുട്ടികളെ അന്ന് തന്നെ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ അറിയിക്കേണ്ടതുമാണ്. ഈ മത്സരത്തിന് വേണ്ട ചോദ്യപേപ്പറുകൾ അതാത് സ്കൂളിൽ തന്നെ തയ്യാറാക്കേണ്ടതാണ്.

ഉപജില്ല ക്വിസ് മത്സരം ഒക്ടോബർ 30-ന് മുൻപ് നടത്തേണ്ടതാണ്. ഒരോ വിഭാഗത്തിലും ഒന്നും, രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്നവരുടെ പേര് വിവരം അന്നു തന്നെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ

(..2..)

ഡയറക്ടറെ അറിയിക്കേണ്ടതാണ്. ഈ മത്സരത്തിന് വേണ്ട ചോദ്യ പേപ്പറുകൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവാദിത്വത്തിൽ തയ്യാറാക്കേണ്ടതാണ്.

ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്കായുള്ള ടാലന്റ് സെർച്ച് പരീക്ഷ ഒക്ടോബർ 30-ന് മുൻപ് നടത്തേണ്ടതാണ്. ഒരോ വിഭാഗത്തിലും ഒന്നും, രണ്ടും സ്ഥാനങ്ങൾ ലഭിക്കുന്നവരുടെ പേര് വിവരം അന്നു തന്നെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയിക്കേണ്ടതാണ്. ഈ മത്സരത്തിന് വേണ്ട ചോദ്യപേപ്പറുകൾ ഉപജില്ലാ തലത്തിൽ നിന്നും തയ്യാറാക്കേണ്ടതാണ്.

റവന്യൂ ജില്ലാ തല ക്വിസ്, ടാലന്റ് സെർച്ച് മത്സരങ്ങൾ നവംബർ 11-ന് മുൻപ് നടത്തേണ്ടതാണ്. ടി മത്സരങ്ങൾക്കുള്ള ചോദ്യപേപ്പറുകൾ അതാത് ജില്ലകളിൽ തന്നെ തയ്യാറാക്കേണ്ടതാണ്.

2) <u>സി.വി.രാമൻ ഉപന്യാസ മത്സരം(എച്ച്.എസ്.വിഭാഗം):-</u>

2011-12 വർഷത്തെ സംസ്ഥാനതല സി.വി.രാമൻ ഉപന്യാസ മത്സരം നവംബർ മാസം 7-ന് ജി.വി.എച്ച്.എസ്.എസ് ഫോർ ഗേൾസ്, നടക്കാവ്, കോഴിക്കോട് വച്ച് നടത്തുന്നതാണ്. ഉപജില്ലാ, റവന്യൂ ജില്ല തല മത്സരങ്ങൾ യഥാസമയം പൂർത്തിയാക്കേണ്ടതാണ്. റവന്യൂ ജില്ലാ തലത്തിൽ നിന്നും ഒന്നും, രണ്ടും സ്ഥാനം ലഭിക്കുന്നവർക്ക് സംസ്ഥാന തല മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. പ്രസ്തുത വിജയികളുടെ പേരു വിവരം നവംബർ 1-ാം തീയതിക്കു മുൻപായി വിദ്യാഭ്യാസ ഉപ ഡയറക്ടർ (ക്യു.ഐ.പി), വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരത്തെ അറിയിക്കേണ്ടതാണ്. ഉപന്യാസം 1500 വാക്കുകളിൽ അധികരിക്കുവാൻ പാടുള്ളതല്ല.

(..3..)

**വിഷയം:-**

1. Causes and Consequences of Endangerment of Species:
   (വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങൾ-കാരണങ്ങളും, പ്രത്യാഘാതങ്ങളും)
2. Influences of Chemistry in Nanotechnology:
   (നാനോ ടെക്നോളജിയിൽ രസതന്ത്രത്തിന്റെ സ്വാധീനം)
3. Energy in Future- Conservation and Possibilities:
   (ഭാവിയിലെ ഊർജ്ജം- സാധ്യതകളും, സംരക്ഷണവും)

മുകളിൽ പരാമർശിച്ച മൂന്ന് വിഷയങ്ങളിൽ നിന്നും ഒരെണ്ണം അന്നേ ദിവസം രാവിലെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നതാണ്.

2011-12 വർഷത്തേയ്ക്കുള്ള ഇൻവെസ്റ്റിഗേറ്ററി പ്രോജക്ടുകൾ ഇനിയും അയച്ചുതന്നിട്ടില്ലാത്ത റവന്യൂ ജില്ലകളിൽ നിന്നും ഈ റിപ്പോർട്ടുകൾ നവംബർ 30-ന് മുൻപായി വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ എത്തിച്ചു തരേണ്ടതാണ്.

സംസ്ഥാന തല ശാസ്ത്ര മേളയിൽ പ്രദർശിപ്പിക്കുന്ന എക്സിബിഷനുകൾ മുൻവർഷങ്ങളിൽ പ്രദർശിപ്പിച്ചതല്ല എന്ന സർട്ടിഫിക്കറ്റും, സ്കൂൾ ഹെഡ്മാസ്റ്ററുടെ കയ്യൊപ്പോടു കൂടിയ മൂന്ന് സെറ്റ് റൈറ്റ് അപ്പും സംസ്ഥാനതല മേളയുടെ രജിസ്ട്രേഷൻ സമയം സമർപ്പിക്കേണ്ടതാണ്.

**3) ശാസ്ത്ര മാഗസിൻ മത്സരം:-**

എല്ലാ ഹൈസ്ക്കൂളിൽ നിന്നും ഒരോ മാഗസിൻ ജില്ലാതല മത്സരത്തിന് പ്രദർശിപ്പിക്കേണ്ടതാണ്. ഉപജില്ലാ തലത്തിൽ ഒന്നും, രണ്ടും സ്ഥാനം ലഭിക്കുന്ന മാഗസിനുകൾ റവന്യൂ ജില്ലാ തലത്തിലും, റവന്യൂ ജില്ലാ തലത്തിൽ ഒന്നും, രണ്ടും സ്ഥാനം ലഭിക്കുന്നവർക്ക് സംസ്ഥാനതലത്തിലും പങ്കെടുക്കാവുന്നതാണ്.

(..4..)

## നിയമാവലി:-

1) മാഗസിൻ കൈയ്യെഴുത്തിൽ ആയിരിക്കണം.
2) പുറംചട്ട ഉണ്ടായിരിക്കണം
3) ബൈൻഡ് ചെയ്യണം(സ്പൈറൽ ബൈൻഡിംഗ് പാടില്ല)
4) ഒരു പേര് ഉണ്ടായിരിക്കണം.
5) സ്കൂൾ, ഉപജില്ലാ, റവന്യൂ ജില്ലകളുടെ പേര്- ഒരിടത്തും ചേർക്കുവാൻ പാടില്ല.
6) എ-4 പേപ്പറിന്റെ ഒരു വശത്ത് മാത്രമേ എഴുതാവൂ.
7) പുറം ചട്ട ഉൾപ്പെടെ 50 പേജിൽ കവിയരുത്.

റവന്യൂ ജില്ലാതല മത്സര വിജയികളുടെ പേര് വിവരം ചുവടെ ചേർത്തിരിക്കുന്ന വിലാസത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കൈയ്യൊപ്പോടുകൂടി RDSCA സെക്രട്ടറിമാർ അയച്ചുതരേണ്ടതാണ്.

ശ്രീ.എം.ഐ.സുകുമാരൻ,
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ(ക്യൂ.ഐ.പി),
വിദ്യാഭ്യാസ ഡയറക്ടറേറ്റ്,
ജഗതി, തൈക്കാട്.പി.ഒ,
തിരുവനന്തപുരം-695014

വിദ്യാഭ്യാസ ഉപഡയറക്ടർമാർ അവരവരുടെ അധികാര പരിധിയിലുളള എല്ലാ സ്കൂളുകളുടെയും പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്. ശാസ്ത്ര മേള ജില്ലാതല മത്സരങ്ങൾ നവംബർ 11-ന് മുൻപ് പൂർത്തിയാക്കേണ്ടതാണ്.

സംസ്ഥാനതല സി.വി.രാമൻ ഉപന്യാസ മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കുള്ള തിരിച്ചറിയൽ കാർഡ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

4) <u>സയൻസ് ഡ്രാമ:-</u>

2011-12 വർഷത്തെ സയൻസ് ഡ്രാമയ്ക്കുള്ള വിഷയം ചുവടെ ചേർക്കുന്നു.

Main theme:- Science & Society.

Sub themes:- 1) Biodiversity.
2) Wonder World of Chemistry.
3) Water Crisis.
4) Energy Security.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

<u>പകർപ്പ്:-</u>

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അവരവരുടെ അധികാര പരിധിയിലുള്ള എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകേണ്ടതാണ്)
2) എല്ലാ RDSCA സെക്രട്ടറിമാർക്കും (ഉപജില്ലാ സെക്രട്ടറിമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.)
3) ഓഫീസ് കോപ്പി.
4) കരുതൽ ഫയൽ.

# IDENTITY CARD

Name of Revenue District ..........................................

(Photo)

| | | |
|---|---|---|
| 1. | Name of Competition. | **C V Raman Upanyasa Malsaram 2012.** |
| 2. | Place of Winner. | **First / Second** |
| 3. | Name of Participant. | |
| 4. | Standard. | |
| 5. | Name of School. | |
| 6. | Centre No. | |
| 7. | Name of Educational District. | |
| 8. | Remarks. | |

Two Identification Marks:

(1) ..........................................................................................

(2) ..........................................................................................

Signature of Participant (School Seal) Name and Signature of the Headmaster

Countersigned by

(Office Seal) Name and Signature of the Deputy Director of Education